"ഉണ്ടോ ജീവനിലാശയുരയ്ക്കൂ"
എന്നിങ്ങനെ ചോദിച്ചെന്നാകിൽ
അത്യുച്ചത്തിലുരക്കും: "മഴിക്കൂ,
വേഗമഴിക്കൂ, വേഗം വേണം!
ഇത്രനികൃഷ്ടത കാണിക്കാതെ,
നിഷ്ഠുരകൃത്യം ചെയ്തീടാതെ."
ജീവിതമോതും വേലയിൽനിന്നിവ-
നേതും പിൻതിരിയില്ലൊരുനാളും;
നൂതന വായുവിമാനത്തിങ്ക-
ലുയർന്നുപറന്നിട്ടമാകാശത്തിൽ,
റോക്കറ്റൊന്നിലിരുന്നു ഗ്രഹങ്ങളെ
സംവീക്ഷിച്ചും സംശോധിച്ചും
ശൂന്യാനന്തനഭസ്സിൽ ചുററി-
ത്തിരിയുമൊരന്യാശ്രയമില്ലാതെ.
എത്ര തടസ്സം നമ്മുടെ രഥ്യയി-
ലുടനീളം തലപൊക്കീട്ടകിലും
ചിത്രം, ജീവിതചിന്തകൊരുത്തിട്ട-
മുൽക്കടസന്തോഷാവേശങ്ങൾ.
നീലാകാശം ദർശിച്ചീടവെ,
ജീവിതനാടകമാടാൻ നാളുകൾ
നീളുകയാണെന്നോർക്കവെയുളവാ-
കുന്നൂ നിരുപമനിർവൃതിയെന്നിൽ.